കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം
2003 ജൂലായ് 22, ചൊവ്വ

വാല്യം 119] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 25

നിയമസഭ 2003 ജൂലായ് മാസം 22 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം നമ്പർ 649

ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശ

1 (*649) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനങ്ങൾക്കുള്ള കുറഞ്ഞ പ്രായം മുപ്പതായി കുറയ്ക്കണമെന്ന് ഭരണ പരിഷ്ക്കാര സമിതിയുടെ നിർദ്ദേശം ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രസ്തുത ശുപാർശയിന്മേൽ ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വിശദമാക്കുമോ ;

(സി) ഭരണപരിഷ്ക്കാര സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ നിയമനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുമോ ; എങ്കിൽ ഈ ശുപാർശ എപ്പോൾ മുതൽ നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ,

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നതേയുള്ളൂ. തീരുമാനം എടുത്തിട്ടില്ല.

(സി) ഭരണ പരിഷ്ക്കാര സമിതിയുടെ ഏതാനും റിപ്പോർട്ടുകളിലെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പരിശോധിച്ചു വരുന്നതേയുള്ളൂ. ഇവയുടെ പരിശോധനയ്ക്കു ശേഷമേ നിയന്ത്രണങ്ങൾ വേണ്ടി വരുമോ എന്നു പറയാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. സുപാൽ : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശകളിൽ ഒന്നാണ് പെൻഷൻ പ്രായം വർദ്ധിപ്പിക്കുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഇതു ഫലപ്രദമല്ല. ആയിരക്കണക്കിന് തൊഴിൽ രഹിതരായ ആളുകളുണ്ട്. അവരുടെ തൊഴിൽ മേഖല എന്നു പറയുന്നത് സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിലിരിക്കുന്ന ഒഴിവുകൾ ആണ്. അതുകൊണ്ട് ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് കേരളത്തിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കില്ല എന്നു ഗവൺമെന്റ് ആധികാരികമായി വ്യക്തമാക്കുമോ ; അതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. 55 വയസ്സ് എന്നു പറഞ്ഞാൽ ഇന്നത്തെ കാലത്ത് അതൊരു പ്രായമേ അല്ല. അവർക്ക് തൊഴിൽ രംഗത്ത് പരിചയവും പക്വതയും ഒക്കെ ഉണ്ടാകുന്ന ഒരു കാലഘട്ടമാണ്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും പെൻഷൻ പ്രായം 58- ഉം 60-ഉം ഒക്കെയാക്കിയിട്ടുണ്ട്. അത്രയും വയസ്സുവരെ സർക്കാർ സർവ്വീസിലിരിക്കാനുള്ള അവകാശം അവർക്കുണ്ട്. ആ നിലയിൽ സർക്കാർ ജീവനക്കാരുടെ സംഘടനകൾ പെൻഷൻ പ്രായം വർദ്ധിപ്പിക്കണമെന്നു പറയുന്നതിൽ കുറെയൊക്കെ ന്യായമുണ്ട്. ലക്ഷക്കണക്കിനു ചെറുപ്പക്കാർ തൊഴിലില്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്തും പി. എസ്. സി.പരീക്ഷ എഴുതിയും നിൽക്കുകയാണ്. അതുകൊണ്ട് ചെറുപ്പക്കാരുടെ പ്രയാസങ്ങൽ പരിഗണിക്കാതെ നിവൃത്തിയില്ല.ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ചെറുപ്പക്കാരുടെ പ്രയാസങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. അതുകൊണ്ട് പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. എസ്. സുപാൽ : സർ, ഭരണ പരിഷ്ക്കാര പ്രവർത്തനങ്ങളുടെ ഭാഗമാണ് അധിക തസ്തികകൾ കണ്ടെത്തലും പുനരധിവാസ നടപടികളും. അതിനുവേണ്ടി 2002 ജനുവരി 16-ലെ ഉത്തരവു അനുസരിച്ച് ധനകാര്യവകുപ്പ് എക്സ്പെന്റിച്ചർ സെക്രട്ടറിയുമായി ചേർന്ന് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. മൂന്നു മാസമാണ് അതിനു കാലാവധി പറഞ്ഞിരിക്കുന്നത്. ഇപ്പോൾ ഒന്നര വർഷമായി. അങ്ങു പറഞ്ഞതിനെക്കാൾ അഞ്ചിരട്ടി സമയമായി. ഈ സമിതിയുടെ അനുവാദമുണ്ടെങ്കിലേ ഇപ്പോഴും സർക്കാർ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ പി. എസ്. സി. ക്കു റിപ്പോർട്ടു ചെയ്യുവാൻ കഴിയുകയുള്ളൂ. നമ്മുടെ തൊഴിൽ രഹിതരായിട്ടുള്ള സമൂഹം വളരെയധികം പ്രതിസന്ധികൾ ഇതുമൂലം നേരിടുകയാണ്. ഒഴിവുകൾ യഥാസമയം പി. എസ്. സി.ക്കു റിപ്പോർട്ട് ചെയ്യുന്നില്ല. വലിയ പ്രത്യാഘാതമാണ് ഉണ്ടായിരിക്കുന്നത്. തൊഴിൽരഹിത സമൂഹത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടായിരിക്കണം മുന്നോട്ടു പോകേണ്ടത്. ഒഴിവുകൾ പി. എസ്. സി.യ്ക്കു റിപ്പോർട്ടു ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ കോടതിയിൽ പോയി ഉത്തരവു സമ്പാദിച്ചുകൊണ്ടു വന്നപ്പോൾ അതിനെതിരായി അപ്പീൽ പോയ ഗവൺമെന്റാണ്. അതുകൊണ്ട് സമയബന്ധിതമായി ഒഴിവുകൾ പി. എസ്. സി. ക്കു റിപ്പോർട്ടു ചെയ്യാൻ ആവശ്യമായിട്ടുള്ള നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അഞ്ചിരട്ടിയല്ല സമയം കഴിഞ്ഞിരിക്കുന്നത്. 1995 ഒക്ടോബർ 2-നാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമായത്. 1995-നുശേഷം ഇപ്പോൾ എട്ടു വർഷമായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായിട്ടാണ് റീ ഡിപ്ലോയ്മെന്റ്. കഴിഞ്ഞ ഗവൺമെന്റ് അഞ്ചു വർഷം ഭരിച്ചെങ്കിലും, അവർ ആത്മാർത്ഥമായി ശ്രമിച്ചെങ്കിലും റീ ഡിപ്ലോയ്മെന്റ് നടന്നില്ല. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർവ്വീസ് സംഘടനകളുമായി നടത്തിയ നിരന്തര ചർച്ചകൾക്കു ശേഷം അവരുടെ എതിർപ്പ് പൂർണ്ണമായിട്ട് മാറിയില്ലെങ്കിലും പണ്ടത്തെ അത്ര കഠിനമായ എതിർപ്പില്ല. റീ ഡിപ്ലോയ്മെന്റ് ആരംഭിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് റീ ഡിപ്ലോയ്മെന്റ് വളരെ കാര്യമായി നടന്നുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഫിനാൻസ് എക്സ്പെൻഡിച്ചർ സെക്രട്ടറിയും ഭരണ പരിഷ്ക്കാര കമ്മിറ്റി സെക്രട്ടറിയും മെമ്പറായിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം നീണ്ടു പോയി. അതിന്റെ ഫലമായി ചെറുപ്പക്കാരുടെ അവസരങ്ങൾ നഷ്ടപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അവരുടെ പ്രയാസം പരിഗണിച്ചിട്ടാണ് അടുത്ത ആറു മാസത്തേയ്ക്കു കൂടി പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി നീട്ടിക്കൊടുത്തത്. ഈ അസംബ്ലി കഴിഞ്ഞാൽ സെപ്റ്റംബർ മാസത്തിൽ ഞാൻ എല്ലാ സ്ഥിതിഗതികളും വിലയിരുത്താൻ ഉദ്ദേശിക്കുകയാണ്. തീർച്ചയായും ചെറുപ്പക്കാരുടെ പ്രയാസങ്ങൾ പരിഹരിച്ച് നിയമനത്തിലുള്ള എല്ലാ കടമ്പകളും പരമാവധി വേഗത്തിൽ അവസാനിപ്പിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കും.

ശ്രീ. ബിനോയ് വിശ്വം : സർ, ഈ ഭരണപരിഷ്ക്കാര സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ടും ചിലപ്പോൾ എം. ജി. പി. യുടെ രേഖകൾ നോക്കിയാലും ഇപ്പോഴും കാണുന്ന ചില നല്ല നല്ല കാര്യങ്ങൾ ഉണ്ട്. ഭരണം മനുഷ്യത്വപരമാക്കുക, ദുർബലർക്കു മുൻഗണന നൽകുക, പാവപ്പെട്ട മനുഷ്യരുടെ പ്രശ്നങ്ങൾക്ക് പരിഗണന കൊടുക്കുക, ജനപങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്വം ഇതെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ട്. പക്ഷേ ഇതെല്ലാം വാക്കിൽ മാത്രം അവശേഷിക്കുകയാണ്. ഇപ്പോൾ തന്നെ (ബി)ക്കും (സി) ക്കും അങ്ങു പറഞ്ഞ മറുപടിക്കകത്ത് സുതാര്യതയില്ല. അതുകൊണ്ട് ബന്ധപ്പെട്ട എല്ലാവരേയും വിളിച്ച് ഗവൺമെന്റിനുവേണ്ടി സുതാര്യത റെസ്പോൺസിബിളിറ്റി ഇവയിൽ എന്തെങ്കിലും സ്റ്റെപ്സ് എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ. കെ. ആന്റണി : സർ, എന്റെ സുഹൃത്തിനു മലയാളം പറഞ്ഞാൽ മനസ്സിലാകില്ലേ ? ഏറ്റവും സുതാര്യതയോടുകൂടിയാണ് ഞാൻ പറഞ്ഞത്. സുതാര്യത ഇല്ലാതെ പോയതിന്റെ അപകടമാണ് നിങ്ങൾ ഇന്നു അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഞങ്ങൾ എ. ഡി. ബി. യിൽ നിന്നും പണം വാങ്ങിയതും നെതർലാന്റിൽ നിന്നും പണം വാങ്ങിയതും എല്ലാം വളരെ സുതാര്യമായിട്ടാണ്. നല്ല കാര്യങ്ങൾ ചെയ്താൽപോലും സുതാര്യത ഇല്ലെങ്കിൽ എന്തുമാത്രം വെള്ളം കുടിക്കുമെന്നുള്ളതിനെ സംബന്ധിച്ച് നിങ്ങളുടെ

സുഹൃത്തുക്കൾക്കെല്ലാം നല്ലതുപോലെ അറിയാം. ഈ ഗവൺമെന്റ് ചെയ്യുന്നതെല്ലാം വളരെ സുതാര്യമായിട്ടാണ്. രഹസ്യമൊന്നുമില്ല. രഹസ്യം വച്ചിരുന്നാൽ അതു വലിയ അപകടമുണ്ടാക്കും. പരമാവധി സുതാര്യമായിട്ട് കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ശ്രമിക്കുകയും ചെയ്യും.

ശ്രീ. ബിനോയ് വിശ്വം : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അൽപ്പം രാഷ്ട്രീയം പറയാൻ ശ്രമിച്ചു. പക്ഷേ ഞാൻ രാഷ്ട്രീയം പറയില്ല. സുതാര്യത ഏറെയുള്ള ഈ ഗവൺമെന്റ് നിരന്തരമായി ഈ വിഷയത്തിൽ കോടതി വിധി ലംഘിച്ചുകൊണ്ടിരിക്കുകയാണ്. കേരള ഹൈക്കോടതി അടുത്ത കാലത്തായി ഒരുപാട് വിധികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചെറുപ്പക്കാരുടെ വികാരം മാനിച്ചു കൊണ്ട് ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടണം എന്ന്. ഭരണ പരിഷ്ക്കാരത്തിന്റെ ഭാഗമായി ചെറുപ്പക്കാർക്കു അവകാശപ്പെട്ട ജോലി കൊടുക്കാതിരിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല. കോടതി വിധിയെ മാനിച്ചുകൊണ്ട് ചെറുപ്പക്കാർക്ക് സമയ ബന്ധിതമായി ജോലി കൊടുക്കുമെന്നു പറയാൻ കഴിയുമോ ?

മി. സ്പീക്കർ : ഇത് ഈ ചോദ്യത്തിൽ വരുന്നതല്ല.

ശ്രീ. വർക്കല കഹാർ : സർ, ജീവനക്കാരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി അനുയോജ്യമല്ലാത്ത ശുപാർശകൾ ഭരണ പരിഷ്ക്കാര കമ്മീഷൻ നടത്തിയിട്ടുണ്ടോ ; അത്തരം ശുപാർശകളിൻമേൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കുന്നത് ?

ശ്രീ. എ. കെ. ആന്റണി : സർ, ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഈ ഗവൺമെന്റിന്റേതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി ചെയർമാനായി ഉണ്ടാക്കിയ കമ്മിറ്റിയാണ്. ആ കമ്മിറ്റിയുടെ ശുപാർശകളിൽ ചില തീരുമാനങ്ങൾ എടുത്തു. സെക്രട്ടേറിയറ്റിലെ എല്ലാ ജീവനക്കാരുടെയും എണ്ണം മൂന്നിലൊന്നായി കുറയ്ക്കണമെന്നുള്ളത് ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകളിൽ ഒന്നാണ്. ഏതായാലും ഈ ഗവൺമെന്റ് ആ ശുപാർശകൾ അംഗീകരിച്ചിട്ടില്ല. അംഗീകരിക്കാൻ ഉദ്ദേശിക്കുന്നതുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇന്നലെ കോളേജ് ടീച്ചേഴ്സിന്റെ നിയമനവുമായി ബന്ധപ്പെട്ട് പ്രായപരിധിയെക്കുറിച്ചു പറഞ്ഞ ഉത്തരത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, 40 വയസ്സാക്കുന്നതിനെ സംബന്ധിച്ച് പരിഗണിക്കുമെന്നു പറഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ള ലക്ഷക്കണക്കിനു ആളുകൾക്ക് 25 വർഷം കഴിഞ്ഞിട്ടും ഒരു തവണ പോലും ഒരു കാർഡും കിട്ടാത്ത അവസ്ഥ നമ്മുടെ നാട്ടിലുണ്ട്. പാർട്ട് ടൈം സ്വീപ്പർ പോസ്റ്റിൽ, ആരോഗ്യവകുപ്പിൽ 50 വയസ്സു കഴിഞ്ഞവരെയാണ് പലപ്പോഴും നിയമിക്കുന്നത്. 50 വയസ്സു കഴിഞ്ഞിട്ടായിരിക്കും ആദ്യം അവർക്കൊരു കാർഡു കിട്ടുന്നതുപോലും. ഈ സാഹചര്യങ്ങൾ ഒക്കെ കണക്കിലെടുത്ത് ഇത്രയും പേർക്ക് തൊഴിൽ കിട്ടാത്ത ഒരു സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വസ്തുനിഷ്ഠമായി അതിനെക്കുറിച്ചു പരിശോധിച്ചിട്ടാണോ ഭരണ പരിഷ്ക്കാര സമിതി ഈ ശുപാർശകൾ സമർപ്പിച്ചിട്ടുള്ളത്. അതല്ലെങ്കിൽ കൂടുതൽ ആഴത്തിലുള്ള പരിശോധനകൾക്ക് ഈ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനു ഞാൻ സത്യം പറഞ്ഞാൽ, നിങ്ങൾ പറയും ഞാൻ രാഷ്ട്രീയമാണ് പറയുന്നത് എന്ന്. സത്യമല്ലേ പറയാൻ പറ്റൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തു നിയമിച്ച ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകൾ അനുസരിച്ചാണ് ഘട്ടം ഘട്ടമായി ഉദ്യോഗാർത്ഥികളുടെ നിയമനത്തിനുള്ള പ്രായ പരിധി 5 വർഷമായി കുറയ്ക്കണമെന്നു തീരുമാനിച്ചത്. ഗവൺമെന്റ് ആ ശുപാർശ അംഗീകരിച്ചിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ ഭരണ സമ്പ്രദായം 1920-ൽ തോട്ടിംഗ്ഹാം എന്നു പറയുന്ന ഒരു സായിപ്പു കൊണ്ടു വന്നതാണ്. 8 പതിറ്റാണ്ടുകൾക്കു ശേഷവും യാതൊരു മാറ്റവുമില്ലാതെ ആ ഭരണ സമ്പ്രദായം തുടരുകയാണ് ഈ 8 പതിറ്റാണ്ടുകൾക്കുശേഷമാണ് ആദ്യമായി ഒരു ചെയിഞ്ച് ഇതിനകത്തു വരുന്നത്. ഭരണ നടപടികൾ സുതാര്യമാക്കുവാനും അതു വേഗത്തിലാക്കുവാനും ഭരണത്തിലെ വിവിധ തട്ടുകൾ കുറയ്ക്കുവാനും അനാവശ്യ തസ്തികകൾ ഇല്ലാതാക്കുവാനുമുള്ള ഈ പരിഷ്ക്കാര നടപടികൾ നിയമന നിരോധനം ഏർപ്പെടുത്താതെ നടപ്പിലാക്കാൻ കഴിയുമെന്നു ഗവൺമെന്റ് പൂർണ്ണമായും വിശ്വസിക്കുന്നുണ്ടോ ?

ശ്രീ. എ. കെ. ആന്റണി : സർ, പരിഷ്ക്കാരങ്ങൾ പരമാവധി വേഗത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് ഗവൺമെന്റിന് വിശ്വാസമുണ്ട്. സെക്രട്ടേറിയറ്റിലെ ഫയലുകൾ ഏഴും എട്ടും തട്ടുകളിൽകൂടി കടന്നു പോകുന്നതിനു പകരം തട്ടുകൾ നമ്മൾ രണ്ട്, മൂന്ന്, നാല് ആയിട്ട് ചുരുക്കിയിട്ടുണ്ട്. അതുപോലെ മറ്റു കാര്യങ്ങളെല്ലാം ട്രാൻസ്പേരന്റായി ജനങ്ങൾക്ക് പരസ്യമായി ഗവൺമെന്റിനകത്തു നടക്കുന്ന കാര്യങ്ങൾ അറിയാനുള്ള സംവിധാനങ്ങളിപ്പോൾ നടപ്പിലാക്കി വരികയാണ്. അതെല്ലാം ഒറ്റയടിക്ക് സാധിക്കും എന്നു ഞാൻ പറയുന്നില്ല. പടിപടിയായി ഉൾപ്പെടുത്തി കമ്പ്യൂട്ടറിൽകൂടി, ഇന്റർനെറ്റിൽക്കൂടി അല്ലെങ്കിൽ സർക്കാർ ഓഫീസുകളിൽക്കൂടിത്തന്നെ ഭരണ നടപടികൾ - സുതാര്യമായി ജനങ്ങൾക്ക് മനസ്സിലാകുന്ന ഒരു നിലയിൽ കാര്യങ്ങൾ എത്തിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അത് ഏറ്റവും വേഗം ഘട്ടം ഘട്ടമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതിന് നിയമന നിരോധനം ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശയിലുള്ള നിയമനവുമായി ബന്ധപ്പെടുത്തിയാണ് ചോദ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നേരത്തെ തന്നെ ഉറപ്പു നൽകിയിട്ടുണ്ട് അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും നിയമനം ലഭിക്കുമെന്ന്. ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിരവധി തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. അഡ്വൈസ് മെമ്മോ ലഭിച്ച ആളുകൾക്കുപോലും

LIBRARY ARCHIVES Kerala Legislative Assembly

നിയമനം ലഭിക്കുന്നില്ല. ഈ ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശ അഡ്വൈസ് മെമ്മോ ലഭിച്ചവർക്ക് നിയമനം നൽകുന്നതിന് ഏതെങ്കിലും തരത്തിൽ എതിരാണോ ; ഈ കാര്യങ്ങളെക്കുറിച്ച് മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കാമോ ?

ശ്രീ. എ. കെ.ആന്റണി : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശയും അഡ്വൈസ് മെമ്മോയുമായിട്ട് യാതൊരു ബന്ധവുമില്ല. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രയാസം പരിശോധിക്കും.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിറ്റിസൺ ചാർട്ടർ അടക്കം ജനങ്ങൾക്കു വേണ്ടതായിട്ടുള്ള സേവനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നത് ?

ശ്രീ. എ. കെ. ആന്റണി : സർ, പ്രത്യേക നോട്ടീസ് ഉണ്ടെങ്കിൽ മാത്രമേ ഉത്തരം പറയാൻ സാധിക്കുകയുള്ളൂ. ഏതായാലും ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശകളും അതുപോലെ എം.ജി.പി.യുടെ നടപടിയുടെയും ഭാഗമായി സിറ്റിസൺ ചാർട്ടർ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 42 ലക്ഷത്തോളം വരുന്ന തൊഴിൽരഹിതരുള്ള സംസ്ഥാനമാണ് കേരളം. കഴിഞ്ഞ രണ്ടുവർഷമായി വാർഷിക റിട്ടയർമെന്റുകളിൽപ്പോലും നിയമനം നടക്കാത്ത ഗൗരവതരമായിട്ടുള്ള സ്ഥിതിയുണ്ട്. ഈ പശ്ചാത്തലത്തിൽ അങ്ങിവിടെ പെൻഷൻ പ്രായം ഉയർത്തില്ല എന്ന് കാറ്റഗറിക്കലായിട്ട് പറഞ്ഞു. അതുപോലെ തന്നെ നിയമനത്തിനുള്ള പ്രായ പരിധി മുന്നോക്ക വിഭാഗങ്ങൾക്ക് 35 വയസ്സും ഒ.ബി.സി. വിഭാഗങ്ങൾക്ക് 37 വയസ്സും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 40 വയസ്സുമായിട്ട് എത്രയോ കാലമായി നിജപ്പെടുത്തിയ ഈ സംസ്ഥാനത്ത് പ്രായപരിധി കുറയ്ക്കുക എന്നു പറയുന്നത് ഗുരുതരമായിട്ടുള്ള പ്രശ്നമുണ്ടാക്കും. അതുകൊണ്ട് കാറ്റഗറിക്കലായിട്ടു തന്നെ അത്തരം തീരുമാനം എടുക്കില്ല എന്ന് മുഖ്യമന്ത്രി ഈ സഭയ്ക്ക് ഉറപ്പു നൽകുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മത്തായി ചാക്കോ പറഞ്ഞതു തന്നെയാണ് പ്രശ്നം. ഈ ഗുരുതരമായ പ്രത്യാഘാതം ആലോചിക്കേണ്ടതാണ്. കഴിഞ്ഞ ഗവൺമെന്റാണ് ഘട്ടം ഘട്ടമായി 5 വർഷം കുറയ്ക്കാൻ തീരുമാനിച്ചത്. അന്നത്തെ ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശയാണ്. പക്ഷേ ഈ ഗവൺമെന്റ് ഇതിനുവേണ്ടി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയമിച്ചു. കഴിഞ്ഞ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഭരണ പരിഷ്ക്കാര കമ്മിറ്റി അതേക്കുറിച്ച് പരിശോധിക്കാൻ വേണ്ടി ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിച്ചു. കേരളത്തിന്റെ സാഹചര്യത്തിൽ ആ ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ശുപാർശ ഇതിനെ ഘട്ടംഘട്ടമായി 5 വർഷമായിട്ട് കുറയ്ക്കുന്നത് ശരിയല്ല എന്നു പറഞ്ഞു. അവരുടെ ശുപാർശ മന്ത്രിസഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ഷാജു : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശ അനുസരിച്ച് റീ ഡിപ്ലോയ്മെന്റ് നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി താഴേയ്ക്ക് പുനർവിന്യസിച്ച ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കുന്നതിനിടയിൽ രണ്ടു ഡിപ്പാർട്ടുമെന്റുകളുണ്ട്. അതായത് നമ്മുടെ പഞ്ചായത്തുവകുപ്പിന്റേയും ഗ്രാമ വികസന വകുപ്പിന്റേയും പുനർവിന്യാസത്തിൽ വന്നിട്ടുള്ള എ.ഇ.മാരുടെ നിയമനങ്ങളിൽ വളരെ കാലതാമസം വരികയും ഇപ്പോൾ പല സ്ഥലങ്ങളിലും ഇല്ലാതെ വരികയും ചെയ്യുന്നു. എം. എൽ. എ. ഫണ്ടിന്റെ പ്രവർത്തനംവരെ ഇപ്പോൾ പല സ്ഥലങ്ങളിലും സ്തംഭനാവസ്ഥയിലാണ്. ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, അൽപ്പമൊരു സങ്കീർണ്ണമായ പ്രശ്നമാണ്. പക്ഷേ ഗവൺമെന്റ് ഇതിനു പരിഹാരം ഉണ്ടാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, സർക്കാർ ഓഫീസുകളിൽ പല ഡിപ്പാർട്ടുമെന്റുകളിലും ജോലി ഭാരം കൂടുതലുള്ളതുകൊണ്ട് ആവശ്യത്തിന് ജീവനക്കാരില്ല. അതേ അവസരത്തിൽ ചില ഡിപ്പാർട്ടുമെന്റുകളിൽ ഒരു ജോലിയുമില്ലാതെ കുറേ ജീവനക്കാർ ഇരിക്കുന്നുണ്ട്. ചിലർ സീസണലാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ ഒരുവർഷത്തിൽ നാലഞ്ചു മാസം മാത്രമാണ് നിരന്തരമായി ജോലിയുള്ളത്. മറ്റു പല മാസങ്ങളിലും ഒരു ജോലിയുമില്ല. ഇത്തരം സന്ദർഭത്തിൽ സർക്കാർ ജീവനക്കാരുടെ സേവനം ആവശ്യത്തിന് ലഭ്യമാക്കി അനാവശ്യമായി വരുന്നത് മറ്റു നിലയിൽ വിനിയോഗിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. ചില ഡിപ്പാർട്ടുമെന്റുകളിലും, ചില പ്രോജക്റ്റുകളിലും ഒരു പണിയുമില്ലാതെ വർഷങ്ങളായിട്ട് ജീവനക്കാർ ശമ്പളം വാങ്ങുന്നുണ്ട്. നിർത്തിക്കളഞ്ഞ പ്രോജക്റ്റുകളിലും ഇപ്പോൾ ശമ്പളം വാങ്ങുന്നുണ്ട്. പക്ഷേ ചില ഡിപ്പാർട്ടുമെന്റുകളിൽ, ഉദാഹരണത്തിന് പഞ്ചായത്തുകളിലും അതുപോലെ മുനിസിപ്പാലിറ്റികളിലുമൊക്കെ ഇവിടെയൊക്കെ ജോലി ഭാരം കൊണ്ട് ജീവനക്കാർ ശ്വാസം മുട്ടുകയാണ്. ഈ പ്രയാസം പരിഹരിക്കാൻ വേണ്ടിയിട്ടാണ് ജോലിഭാരം കൂടുതലുള്ള സ്ഥലങ്ങളിൽ കൂടുതൽ ജീവനക്കാരെ വിന്യസിപ്പിക്കുകയും വെറുതെയിരുന്ന് ശമ്പളം വാങ്ങിക്കുന്നവരെ ശമ്പളം വാങ്ങിച്ചുകൊണ്ട് പണിയുള്ള മറ്റേതെങ്കിലും ഡിപ്പാർട്ടുമെന്റിലേയ്ക്കോ മറ്റേതെങ്കിലും പ്രദേശത്തേയ്ക്കോ മാറ്റാനുമായിട്ട് ഗവൺമെന്റ് റീ ഡിപ്ലോയ്മെന്റ് നടപടി സ്വീകരിക്കുന്നത്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, നിയമനങ്ങൾക്കുള്ള പ്രായപരിധി കുറയ്ക്കുന്നത് വളരെയേറെ പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്ന് ഇവിടെ പലരും പ്രസ്താവിച്ചു. എനിക്കുള്ള സംശയം ഞാൻ ചോദിക്കാനാഗ്രഹിക്കുന്നത് ഈ ഗവൺമെന്റ് തന്നെ ഒരേ സമയം ഈ കാര്യങ്ങളിൽ രണ്ടു നയം സ്വീകരിക്കുന്നത് ശരിയാണോ ? ഇന്നലെ സഭയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഒരു തീരുമാനമായിട്ട് 35 വയസ്സ് എന്നുള്ളത് 40 ആക്കും എന്ന പ്രഖ്യാപനം വന്നു.

ഭരണ പരിഷ്ക്കാര സമിതിയുടെ ശുപാർശ എന്നുള്ള നിലയിൽ 35, 30 ആക്കി കുറയ്ക്കുന്നതിനുള്ള ശുപാർശ, നമ്മുടെ സംസ്ഥാനത്തു തന്നെ വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിൽ രണ്ടു നയം സ്വീകരിക്കുന്നത് ഗവൺമെന്റിന് ഭൂഷണമാണോ ?

ശ്രീ. എ. കെ. ആന്റണി : സർ, അങ്ങനെ ഒരേ ഡിപ്പാർട്ടുമെന്റിൽ രണ്ടു നയം സ്വീകരിക്കുന്നില്ല. അതുകൊണ്ടാണ് ഇന്നലെ ഞാൻ നേരത്തെ പറഞ്ഞത് ഭരണ പരിഷ്ക്കാര കമ്മിറ്റി ഘട്ടം ഘട്ടമായി നിയമനത്തിന്റെ കാലാവധി 5 വർഷം കുറയ്ക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ഈ ഗവൺമെന്റ് ഇതു പഠിക്കാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതി ഈ ശുപാർശ നിരാകരിച്ചിരിക്കുകയാണ്. ഇനി അവസാന തീരുമാനം എടുക്കേണ്ടത് മന്ത്രിസഭയാണ്. മന്ത്രിസഭ തീരുമാനമെടുക്കുമ്പോൾ ബഹുമാനപ്പെട്ട പി. കെ. ശ്രീമതി ടീച്ചർ പറഞ്ഞ കാര്യം പ്രത്യേകം മന്ത്രിസഭയുടെ പരിഗണനയിലുണ്ടാകും.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഫയലുകളുടെ കാര്യത്തിൽ വളരെയേറെ കാലതാമസം ഉണ്ടാകുന്നുണ്ട്. താഴേ തട്ടിലുള്ള ഓഫീസുകളിൽ നിന്ന് വിവിധ ഘട്ടങ്ങളിലൂടെ ഗവൺമെന്റിലേയ്ക്ക് എത്തുമ്പോൾ വളരെ താമസം എടുക്കുന്നു. അപ്പോൾ സ്വാഭാവികമായും എന്തെങ്കിലുമൊരു കുറിയിട്ട് രണ്ടാമതും അത് താഴേത്തട്ടിലുള്ള ഓഫീസിലേയ്ക്ക് എത്തുകയും അതേ അവസരത്തിൽ പിന്നീട് അതും ശരിയാക്കി അയച്ചതിനു ശേഷം വീണ്ടും കുറിയിട്ട് പല ഘട്ടങ്ങളിലായി തിരിച്ചയയ്ക്കുന്ന ഒരു സമ്പ്രദായം ഒഴിവാക്കി സൂക്ഷ്മ പരിശോധന പൂർണ്ണമായി ഒരേ ഘട്ടത്തിൽ പരിശോധിച്ച് അയയ്ക്കുന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുമോ ; അല്ലാത്തപക്ഷം ഉദ്യോഗസ്ഥരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തീരുമാനം എടുക്കാതെ കുറിയിട്ട് അയയ്ക്കുന്നതിന്റെ പേരിൽ നടപടിയെടുക്കാൻ തുടങ്ങിയാൽ ഉദ്യോഗസ്ഥരുടെ പേരിൽ ബഹുഭൂരിപക്ഷം പേരുടെ പേരിലും നമുക്ക് നടപടിയെടുക്കേണ്ടി വരും. സർക്കാരിൽ കാണുന്ന പ്രത്യേകത, തീരുമാനം എടുക്കാൻ പലരും വിമുഖതകാണിക്കുന്നു എന്നുള്ളതാണ്. ഓരോഫയൽ വരുമ്പോഴും അതിന്റെ മേൽ വീണ്ടും വീണ്ടും കുറിയിട്ട് അയയ്ക്കുന്ന സമ്പ്രദായം കാലാകാലങ്ങളായി നിലനിൽക്കുകയാണ്. ഇതിനൊരവസാനം ഉണ്ടാക്കേണ്ടത് ആവശ്യമാണ്. അതിനു ഗവൺമെന്റ് പരമാവധി ശ്രമിക്കും. അല്ലാതെ കുറിയിടുന്നതിന്റെ പേരിൽ നടപടി എടുക്കണമെങ്കിൽ ബഹുഭൂരിപക്ഷം ഉദ്യോഗസ്ഥരുടെ പേരിലും നടപടി എടുക്കേണ്ടി വരും. കുറിയിട്ട് അയയ്ക്കുന്നതിന്റെ ഫലമായി വളരെയേറെ കാലതാമസം, വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്നു. നിസ്സാരപ്പെട്ട മാനുഷിക പരിഗണനയുള്ള പല ഫയലുകളും തീരുമാനമെടുക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടി വരുന്നുണ്ട്. അതിനിടയ്ക്ക് അപേക്ഷകൻ മരിക്കുന്ന സന്ദർഭങ്ങൾ വരെ ഉണ്ടായിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശ്രദ്ധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, ഭരണ പരിഷ്ക്കാര കമ്മിറ്റി ശുപാർശകൾ അനന്തമായ പ്രക്രിയയാണ്. 1957-ലെ ഇ.എം.എസ്. ചെയർമാനായ കമ്മിറ്റി മുതൽ വെള്ളാടി കമ്മിറ്റി ശുപാർശകൾ അല്ലാതെ ഒന്നും നടപ്പിലാക്കുന്നില്ല. മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ എന്നെങ്കിലും ഈ കാര്യത്തിൽ ഒരവസാനം ഉണ്ടാക്കേണ്ടതല്ലേ ; Modernisation of Government Programme സംബന്ധിച്ച് ഒരവസാന തീരുമാനമെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ഈ ഗവൺമെന്റ് ആ ശുപാർശകൾ അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ എട്ടു ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചു. മറ്റു ശുപാർശകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അവ ഘട്ടം ഘട്ടമായി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. വേഗത്തിൽ നടപ്പിലാക്കാനുള്ള ശ്രമത്തിനിടയിൽ ഭരണ പരിഷ്ക്കാര കമ്മിറ്റി പറഞ്ഞ എല്ലാ ശുപാർശകളും നടപ്പിലാക്കുകയാണെങ്കിൽ സംസ്ഥാനത്താകെ പ്രശ്നങ്ങളുണ്ടാകും. ഘട്ടം ഘട്ടമായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ തന്നെ ജീവനക്കാരെ ബാധിക്കുന്ന ചില പ്രശ്നങ്ങൾ ഭരണ പരിഷ്ക്കാര കമ്മിറ്റി പറഞ്ഞു. ചീഫ് സെക്രട്ടറിയോട്, ആദ്യമായി ജീവനക്കാരുടെ സംഘടനകളുമായി സംസാരിക്കാൻ പറഞ്ഞിരിക്കുകയാണ്. അങ്ങനെ സംസാരിച്ച് തീരുമാനം ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ : സർ, ഭരണ പരിഷ്ക്കാരവുമായി ബന്ധപ്പെട്ടുകൊണ്ട് ഇന്റർനെറ്റിൽ നിന്ന് ഞാനെടുത്ത ഒരു ടെൻഡർ നോട്ടീസാണ് എന്റെ സപ്ലിമെന്ററി ചോദ്യത്തിന്റെ അടിസ്ഥാനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ശ്രദ്ധിച്ചു കേൾക്കണം. ഭരണ നവീകരണ പരിപാടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന ഒരു പരിപാടിയാണ്. പ്രസ്തുത പരിപാടിയുടെ പശ്ചാത്തല രൂപരേഖ തയ്യാറാക്കുന്നതിന് നെതർലാന്റ് ഗവൺമെന്റും എ.ഡി.ബി.യും ഒരു വിദേശ ഏജൻസിക്ക് 15 കോടി രൂപ ചെലവിൽ അതായത് മൂന്നു മില്യൻ യൂറോ ചെലവിൽ ചുമതലപ്പെടുത്തിയതായി ഇന്റർനെറ്റിൽ ടെൻഡർ കണ്ടു. ഇതിൽ വല്ല വസ്തുതയുമുണ്ടോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവോടുകൂടിയാണോ ഈ ടെൻഡർ പ്രസിദ്ധീകരിച്ചിട്ടുള്ളത് ?

ശ്രീ. എ. കെ ആന്റണി : സർ, ഏതായാലും ഞാൻ ടെന്റർ കണ്ടില്ല. ബഹുമാനപ്പെട്ട മെമ്പർ അത് കണ്ട ആളാണെങ്കിൽ അതിന്റെ മറ്റ് ഭാഗങ്ങൾ കൂടി കാണണ്ടേ. ഇതിനുള്ള മുഴുവൻ ചെലവുകളും നെതർലാന്റ് ഗവൺമെന്റ് തന്നെയാണ് വഹിക്കുന്നത്. ഒരു ചില്ലിക്കാശുപോലും സംസ്ഥാന ഗവൺമെന്റ് മുടക്കുന്നില്ല. പണം അവർതന്നെയാണ് മുടക്കുന്നത്. അതിന് പ്രത്യേക നോട്ടീസുണ്ടെങ്കിൽ ഞാൻ വിശദമായി പറയാം. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പഠനത്തിന്റെ ചെലവ് മുഴുവൻ നെതർലാന്റ് ഗവൺമെന്റ് തന്നെയാണ് വഹിക്കുന്നത്.

ശ്രീ. എം. മുരളി : സർ, അങ്ങ് മുഖ്യമന്ത്രിയായി അധികാരത്തിൽ വന്നതിനുശേഷം വ്യത്യസ്തമായ പാതയിലൂടെയാണ് ഭരണരംഗം മുന്നോട്ടു പോകുന്നത്. ഭരണപരിഷ്ക്കാര സമിതിയുടെ റിപ്പോർട്ട് അനന്തമായി നീണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുകയാണ്. ഇപ്പോൾ എം.ജി.പി-യും വന്നിരിക്കുകയാണ്. വെബ്സൈറ്റിൽ എം.ജി.പി-യുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചിരിക്കുകയാണ്. എം.ജി.പി-യുടേയും ഏറ്റവും ഒടുവിലായി വന്നിട്ടുള്ള ഭരണ പരിഷ്കാര സമിതിയുടെ റിപ്പോർട്ടും സംയോജിപ്പിച്ചുകൊണ്ട് വിശദമായ ഒരു അക്കാഡമിക് ഡിസ്കഷൻ നടത്തി ഭരണ രംഗത്ത് അങ്ങയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ദ്രുതഗതിയിലുള്ള മാറ്റം മുന്നോട്ടു കൊണ്ടുപോകാനും പൂർത്തിയാക്കാനുമുള്ള നടപടിക്ക് നേതൃത്വം കൊടുക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. എം.ജി.പി. പരമരഹസ്യമായി നടത്താനല്ല ഉദ്ദേശിച്ചിരിക്കുന്നത്. എം.ജി.പി. നടപ്പാക്കുന്നതിന് മുൻപായി അവസാനമായി, ഈ സ്കീം അംഗീകരിക്കുന്നതിന് മുൻപായി എം.എൽ.എ.മാർ, ജനപ്രതിനിധികൾ, വാർത്താ മാധ്യമങ്ങൾ, സർവ്വീസ് സംഘടനകൾ അതുപോലെ മറ്റുള്ള എല്ലാപേരുമായി ചർച്ച ചെയ്ത് എം.ജി.പി ഘട്ടം ഘട്ടമായി പരമാവധി വേഗം നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പാക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീ. പി. സി. ജോർജ് : സർ, അങ്ങ് 'സുതാര്യത' 'സുതാര്യത' എന്നുപറയുന്നു. ആ വാക്ക് ഇന്ന് കേരളത്തിലെ ജനങ്ങൾക്കിടയിൽ അംഗീകാരമുള്ള വാക്കായി മാറി. നമ്മുടെ ഭരണ പരിഷ്ക്കാര സമിതി മുന്നോട്ടു വച്ചിട്ടുള്ള 257 നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ മുഴുവൻ നടപ്പാക്കുന്നതിനു വേണ്ടി 2002 ഒക്റ്റോബർ മാസം നാലാം തീയതി ഗവൺമെന്റ് ഒരു ഓർഡർ ഇറക്കിയിട്ടുണ്ട്. അതിനെക്കുറിച്ച് ഇവിടെ ആരുമായും ചർച്ച നടത്തിയിട്ടില്ല. ഒരു കക്ഷിയുമായും ചർച്ച ചെയ്തിട്ടില്ല. സുതാര്യത എന്ന് അങ്ങ് പറയുകയും ചെയ്യുന്നു. ഞാൻ അങ്ങയെ ബഹുമാനിക്കുന്നു. അങ്ങ് പറഞ്ഞ ഈ സുതാര്യത ശരിയാക്കുന്നതിനുവേണ്ടി ഈ ഭരണപരിഷ്ക്കാര നടപടികൾ നടപ്പാക്കുന്നതിന് മുൻപ് കേരളത്തിലെ മുഴുവൻ രാഷ്ട്രീയ കക്ഷി നേതാക്കൻമാരുമായെങ്കിലും ചർച്ച നടത്താനുള്ള സുതാര്യത അങ്ങ് പ്രഖ്യാപിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ നടപടികൾ ആരംഭിച്ചത് 1997-ലാണ്. അന്ന് ഇങ്ങനെ ഒരു ചർച്ച നടത്താനുള്ള അവകാശം എനിക്കില്ലായിരുന്നു. അന്നത്തെ മുഖ്യമന്ത്രി ചെയർമാനായിട്ട് രൂപീകരിച്ച ഒരു കമ്മിറ്റിയാണ്. അവരുടെ എട്ട് റിപ്പോർട്ടുകളിലെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചു. അതിനുശേഷമുള്ള ഒൻപതാമത്തെ റിപ്പോർട്ടിലാണ് ജീവനക്കാരെ ബാധിക്കുന്ന പ്രധാനപ്പെട്ട നിർദ്ദേശം വന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഏകപക്ഷീയമായി കാബിനറ്റ് തീരുമാനമെടുക്കാതെ ഇതുമായി ബന്ധപ്പെട്ട ജീവനക്കാരേയും എല്ലാം വിശ്വാസത്തിലെടുത്തുകൊണ്ട് ചർച്ച ചെയ്തതിനുശേഷം തീരുമാനിക്കാനാണ് ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഇത് സുതാര്യമായിട്ട് തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, കക്ഷി നേതാക്കളെ വിളിച്ച് ചർച്ച ചെയ്യണം.

ശ്രീ. എ. കെ. ആന്റണി : സർ, എം.ജി.പി കാര്യങ്ങൾ എം.എൽ.എ മാരെപ്പോലും വിശ്വാസത്തിലെടുത്ത്, കക്ഷി നേതാക്കളിൽ ഒതുക്കണ്ട, എം.എൽ.എ മാർ, ജനപ്രതിനിധികൾ, വാർത്താമാധ്യമങ്ങൾ, ജീവനക്കാരുടെ സംഘടനകൾ എല്ലാപേരേയും വിശ്വാസത്തിലെടുത്ത് ചർച്ച ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

മി. സ്പീക്കർ : ഏതായാലും ശ്രീ. പി. സി. ജോർജ്, എം.എൽ.എ യും കക്ഷി നേതാവുമല്ലേ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഭരണ പരിഷ്ക്കാര നടപടികൾ നടപ്പാക്കുന്നതോടുകൂടി സെക്രട്ടേറിയറ്റ് തലത്തിൽ കുറെ മാറ്റങ്ങളുടെ സൂചന കണ്ടു തുടങ്ങിയിട്ടുണ്ട്. എപ്പോഴും അഴിമതിയുടെ ഉറവിടമെന്നു പറയുന്നത് സുതാര്യമില്ലായ്മയാണ്. ഫയലുകളിലെ സീക്രസിയാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം Right to information എന്നു പറയുന്നത് ഈ കാലഘട്ടത്തിന്റെ ഒരാവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിൽ Right to information അതായത്, ജനങ്ങൾക്ക് അവകാശം കിട്ടുന്നതിനു വേണ്ടി ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, തീർച്ചയായും ആലോചിക്കുന്നുണ്ട്.

ശ്രീ. എം. കുമാരൻ : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ നിർദ്ദേശ പ്രകാരം നിയമനങ്ങൾക്കുള്ള കുറഞ്ഞ പ്രായം മുപ്പതായി കുറയ്ക്കാൻ നിർദ്ദേശിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ കേരളത്തിലെ പട്ടികജാതി പട്ടിക വർഗ്ഗക്കാരായ ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതിന് അവരുടെ പ്രായപരിധി എങ്ങനെയാണ് നിജപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. കെ. ആന്റണി : സർ, മുൻ ഗവൺമെന്റ് നിയോഗിച്ച ഭരണ പരിഷ്ക്കാര കമ്മിറ്റി പറഞ്ഞതുപോലെ ഘട്ടംഘട്ടമായി അഞ്ച് വയസ്സ് കുറയ്ക്കാൻ. ഗവൺമെന്റ് തീരുമാനമെടുത്തിട്ടില്ല. ഗവൺമെന്റ് നിയമിച്ച കാബിനറ്റ് സബ് കമ്മിറ്റി ഇതിനെ നിരാകരിച്ചിരിക്കുകയാണ്. ഇത് മന്ത്രിസഭയുടെ പരിഗണനയിലിരിക്കുകയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ഭരണ പരിഷ്ക്കാരത്തെക്കുറിച്ച് എം.എൽ.എ. മാർ ഉൾപ്പെടെയുള്ള ആളുകളുമായി ചർച്ച നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്. എന്റെ ചോദ്യം ഇന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം ലഭിക്കുന്നതിനു വേണ്ടി നാട്ടിൻപുറത്തൊക്കെയുള്ള പാവപ്പെട്ട ആളുകൾ അപേക്ഷ കൊടുത്താൽ താഴെത്തട്ടിൽ വില്ലേജ് ഓഫീസിൽ വന്ന് തിരിച്ചു വരുന്നതിന് ഏകദേശം ഒരു കൊല്ലം സമയമെടുക്കുന്നുണ്ട്. വളരെ പാവപ്പെട്ട ആളുകൾക്ക് സർക്കാരിൽ നിന്നും ദുരിതാശ്വാസ സഹായമായി ലഭിക്കുന്ന തുകയ്ക്കുപോലും ഇത്രയുമധികം കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പലപ്പോഴും ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ വരാൻ താമസമുണ്ടാകുന്നുണ്ട്. അപേക്ഷകർ മരിക്കുന്ന സംഭവംവരെ ഉണ്ടായിട്ടുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടി എന്താണ് സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു : സർ, കരാറുകൾ കൊടുക്കുമ്പോൾ പലപ്പോഴും ആരോപണങ്ങൾ വരാറുണ്ട്. പലപ്പോഴും വികസനത്തിന് തടസ്സമാണെങ്കിൽപ്പോലും ചില ഉദ്യോഗസ്ഥർ ആരോപണങ്ങൾ ഭയന്ന് വികസന പരിപാടികളുമായി മുന്നോട്ടുപോകാതിരിക്കുന്നുണ്ട്. അതുകൊണ്ട് ടെന്ററുകൾ ക്ഷണിക്കുമ്പോഴും, പ്രോസസിംഗ് ചെയ്യുമ്പോഴും അത് സെലക്ട് ചെയ്യുമ്പോഴും ഒരു സുതാര്യത ഉറപ്പുവരുത്തുവാൻവേണ്ടിയുള്ള ഒരു നിയമ നിർമ്മാണം നടത്തുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, വളരെ പഴകിയ ഒരു സ്റ്റോർ പർച്ചെയ്സ് റൂളാണ് ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളത്. റൂളിന് വിരുദ്ധമായി ചെയ്താൽ അത് അഴിമതിയായിട്ട് മാറും. ആരോപണങ്ങൾ വരും. റൂൾ വളരെ പഴയതുമാണ്. നിലവിലുള്ള സ്റ്റോർ പർച്ചെയ്സ് റൂൾ കാലോചിതമായി പരിഷ്ക്കരിക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. നാരായണൻ : സർ, ഭരണ പരിഷ്ക്കാര സമിതിയുടെ നിർദ്ദേശാടിസ്ഥാനത്തിലാണോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ നിയമനങ്ങൾ നിർത്തിവച്ചിരിക്കുന്നത്, അല്ലെങ്കിൽ ഈ ഡിപ്പാർട്ടുമെന്റുകളിൽ ഇവരെ നിയമനം നടത്താൻ ഗവൺമെന്റ് ശുപാർശ ചെയ്യുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, അങ്ങനെ ഒരു നിർദ്ദേശം കൊടുത്തിട്ടില്ല. അങ്ങനെയുള്ള പരാതിയുണ്ടെങ്കിൽ ഗവൺമെന്റ് പരിഹാരമുണ്ടാക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശയുടെ ഏറ്റവും പ്രധാനപ്പെട്ടത് നിയമനങ്ങൾക്കുള്ള കുറഞ്ഞ പ്രായം 35 വയസ്സെന്നുള്ളത് 30 വയസ്സായി ചുരുക്കുക എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ള ആ തീരുമാനം ഏതായാലും ഈ ഗവൺമെന്റ് അംഗീകരിക്കാൻ പോകുന്നില്ലയെന്ന്. ആ കാര്യത്തിൽ അങ്ങ് ഉറച്ച് നിൽക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഉദ്യോഗ നിയമനങ്ങളിൽ പലപ്പോഴും പ്രധാനപ്പെട്ട പോസ്റ്റുകളിൽ ഉദ്യോഗങ്ങളിൽ നിന്ന് റിട്ടയർ ചെയ്ത ആളുകളെ വീണ്ടും തിരിച്ചു വിളിച്ച് ജോലി കൊടുക്കുന്ന ഒരേർപ്പാട് നമ്മുടെ നാട്ടിലുണ്ട്. ഇങ്ങനെ റിട്ടയർ ചെയ്ത ആളുകളെ വീണ്ടും ജോലിയിൽ പ്രവേശിപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കുവാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി : സർ, റിട്ടയർ ചെയ്ത ആൾക്കാരെ കഴിയുന്നത്ര റീ-എംപ്ലോയ്മെന്റ് ചെയ്യാതിരിക്കുക എന്നതാണ് ഗവൺമെന്റിന്റെ ന്യായം. പക്ഷെ ചില അത്യാവശ്യമായ പോസ്റ്റുകളിൽ അങ്ങനെ ഒരു റീ എംപ്ലോയ്മെന്റ് വേണ്ടിവരും. അത് പൂർണ്ണമായും ബാൻ ചെയ്യാൻ പ്രയാസമാണ്. പക്ഷെ പരമാവധി ഒഴിവാക്കാൻ ഗവൺമെന്റ് ശ്രമിക്കാം.

ശ്രീ. എ. കെ. മണി : സർ, പബ്ലിക് സർവ്വീസ് കമ്മീഷൻ സമയാസമയങ്ങളിൽ ധാരാളം ഒഴിവുകൾ നികത്തപ്പെടാതിരിക്കുകയാണ്. ഭരണ നവീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇത് ഗവൺമെന്റ് കാര്യമായി ശ്രദ്ധിച്ച് ഈ ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : എന്തും ആകാമെന്നാണോ, മെയിൻ ചോദ്യവുമായിട്ട് ഒരു ബന്ധവുമില്ല. റിസർവേഷൻ വേണമെന്ന് പറഞ്ഞാൽ ചോദ്യം അനുവദിക്കാം. ഇത് മെയിൻ ചോദ്യവുമായിട്ട് ഒരു ബന്ധവുമില്ലാത്തതാണ്.

ശ്രീ. എ. കെ. ആന്റണി : സർ, അങ്ങേയ്ക്കുതന്നെ അറിയാമല്ലോ 1995-നു ശേഷം പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിന്റെ സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള കമ്മിറ്റി വിളിച്ചു കൂട്ടിയത് ഞാൻ അധികാരത്തിൽ വന്നതിനുശേഷമാണ്. രണ്ടു പ്രാവശ്യം യോഗം കൂടിക്കഴിഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും എല്ലാ കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. മോഹൻകുമാർ : സർ, ഭരണപരിഷ്ക്കാര നടപടികൾ വേണ്ടത്ര കടന്നുചെല്ലാത്ത ഒരു മേഖലയാണ് നീതിപാലനം. വിവിധ കോടതികളിൽ തീർപ്പിനുവേണ്ടി കാത്തുകിടക്കുന്ന സിവിൽ കേസ്സുകൾ, അത് ആർ.ഡി.ഒ. കോടതിയിലായാലും കളക്ടറേറ്റിലായാലും മറ്റ് വിവിധ തലങ്ങളിലുള്ള കോടതികളിലായാലും ലക്ഷക്കണക്കിന് കേസ്സുകൾ തീർപ്പു കൽപ്പിക്കാതെ കെട്ടിക്കിടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കോടതികളുടെ പശ്ചാത്തല സൗകര്യവും അതിന്റെ പ്രവർത്തന വേഗതയും പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ എടുക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ഭരണ പരിഷ്ക്കാര നടപടികളുടെ ഭാഗമായി നിയമ പരിഷ്ക്കരണവും സിദ്ധിക്കുന്നുണ്ട്. ഇപ്പോൾതന്നെ കേസ്സുകൾ കെട്ടിക്കിടക്കുന്നതിന് പരിഹാരം ഉണ്ടാക്കുന്നതിനായി 27 കോടതികൾ സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. ഇനിയും കൂടുതൽ സ്ഥാപിക്കും. അതുപോലെ താഴെ കോടതി മുതൽ ഹൈക്കോടതി വരെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, മോഡണൈസേഷൻ ഓഫ് ഗവൺമെന്റ് പ്രോഗ്രാം ഇവിടെ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഇത് ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമെന്നും ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുമെന്നും ആരോപണമുണ്ട്. ഏത് പരിഷ്ക്കാരത്തിന്റേയും ആകെ തുക ജനങ്ങളാണ്. പ്രത്യേകിച്ച് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന ആഫീസുകളിൽ സാധാരണക്കാർ നേറ്റിവിറ്റി,

കമ്മ്യൂണിറ്റി, ഇൻകം തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്ക് പോയാൽ നടപടികൾ അനന്തമായി നീളുകയാണ്. ശ്രീ. ചന്ദ്രബാബു നായിഡു മുഖ്യമന്ത്രിയായിട്ടുള്ള ആന്ധ്ര സംസ്ഥാനത്ത് പോയാൽ ഉച്ചയ്ക്ക് സർട്ടിഫിക്കറ്റ് കിട്ടുകയാണ്. ഈ രംഗത്ത് ജനങ്ങളെ കാര്യക്ഷമമായി സഹായിക്കുന്നതിന് പെട്ടെന്ന് അങ്ങ് വല്ല നടപടിയും എടുക്കുമോ ?

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ജനങ്ങളുടെ ഏറ്റവും വലിയ പരാതിയാണ്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, ജനന-മരണ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് പഞ്ചായത്ത് ആഫീസ്, വില്ലേജ് ആഫീസ് എന്നിവിടങ്ങളിൽ അപേക്ഷ കൊടുത്താൽ മൂന്ന് ദിവസത്തിനകം അല്ലെങ്കിൽ പറ്റുമെങ്കിൽ പിറ്റേ ദിവസംതന്നെ അല്ലെങ്കിൽ അന്നുതന്നെ സർട്ടിഫിക്കറ്റ് കൊടുക്കുക, ഈ നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിക്കുന്നതിന് ശ്രമിക്കുക. കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഉദ്ദേശമാണ്. ഇപ്പോൾതന്നെ താഴെയുള്ള ആഫീസുകളിലും ജില്ലാ കളക്ടറേറ്റിലും കമ്പ്യൂട്ടർവൽക്കരണം ആയിട്ടുണ്ട്. അക്ഷയ പരിപാടിയും കമ്പ്യൂട്ടർവൽക്കരണവും പൂർത്തിയാകുമ്പോൾ ആന്ധ്ര സംസ്ഥാനത്തെ കവച്ചുവച്ചുകൊണ്ട് കേരളത്തിലെ സകല മേഖലകളിലും ഈ പറഞ്ഞ പരിഷ്ക്കാരം ഏർപ്പെടുത്താൻ സാധിക്കും. ജനങ്ങൾക്ക് താഴെക്കിടയിലുള്ള ആഫീസുകളിൽനിന്ന് അപേക്ഷ കൊടുത്താൽ ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ എത്രയും വേഗം കിട്ടുന്ന സാഹചര്യമുണ്ടാകും. തീർച്ചയാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, തമിഴ്നാട് സർക്കാർ ജീവനക്കാരെ സംബന്ധിച്ച് സുപ്രീം കോടതിയുടെ ഒരു വിധി ഇന്നലെ വരികയുണ്ടായി. ആ വിധിയിൽ ഗവൺമെന്റ് എടുത്ത നടപടിയെ അപ്രിഷ്യേറ്റ് ചെയ്യുകയും ജീവനക്കാരെ മാപ്പ് എഴുതിക്കൊടുത്താൽ സർവ്വീസിൽ കയറ്റണമെന്നുള്ളതുമാണ്. ഞാൻ ആ വിധിയിലെ എല്ലാ വശങ്ങളോടും പൂർണ്ണമായും യോജിക്കുന്നില്ല. എങ്കിൽപ്പോലും സർവ്വീസ് സംഘടനാ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അതിരു കടക്കുന്നുവെന്നുള്ള മെസ്സേജ് നമുക്ക് നൽകുകയാണ്. നമ്മുടെ സംസ്ഥാനത്ത് സംഘടനാ പ്രവർത്തനം അതിരു കടക്കുന്നതു മൂലം സർക്കാർ ജീവനക്കാർക്ക് ജോലി ചെയ്യേണ്ട എന്നുള്ള അവസ്ഥ വന്നിട്ടുണ്ട്. വർക്കിംഗ് ടൈമിൽ കസേരയിലിരുന്നാൽ മാത്രം പോരാ, കാര്യക്ഷമമായി ജോലി ചെയ്യുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം. ഉദാഹരണത്തിന് ഒരു ദിവസം ഇത്ര ഫയൽ നോക്കിയിരിക്കണമെന്നുള്ള രീതിയിൽ കാര്യക്ഷമമായി ജോലി ചെയ്യിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : ഇപ്പോൾ ഇല്ലേ ? ഇപ്പോഴുമുണ്ടല്ലോ ?

ശ്രീ. തോമസ് ഉണ്ണിയാടൻ : ഇപ്പോൾ ഇല്ല സാർ.

ശ്രീ. എ. കെ. ആന്റണി : സർ, ഇക്കാര്യത്തിൽ തമിഴ്നാട് സർക്കാരിന്റെ മാതൃക സ്വീകരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. ഉദ്യോഗസ്ഥനെകൊണ്ട് കൃത്യക്ഷമമായി ജോലി സമയത്ത് പണിയെടുക്കണം. അതിന് അവരുടെ സംഘടനകളുമായി ചർച്ച നടത്തുന്നുണ്ട്. അതോടൊപ്പംതന്നെ കർക്കശമായ നടപടി സ്വീകരിച്ചുകൊണ്ട് പണിയെടുക്കേണ്ട സമയത്ത് പണിയെടുപ്പിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കാം. പക്ഷേ തമിഴ്നാട് മോഡൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly